## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7764 — 15-07-2014 ന് മറുപടിയ്ക്ക്

### വനം കയ്യേറ്റം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഹംസ** | **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |

(എ) വനം കയ്യേറ്റം, കടന്നുകയറ്റം, വേട്ടയാടൽ തുടങ്ങിയവ സംബന്ധിച്ച ധാരാളം പരാതികൾ വനം വകുപ്പിൽ കെട്ടിക്കിടക്കുകയാണെന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ ഓരോ ജില്ലയിലും കെട്ടിക്കിടക്കുന്ന പരാതികളുടെ എണ്ണം വ്യക്തമാക്കാമോ;

(എ) ശ്രദ്ധയിൽ പെട്ടിട്ടില്ല. വനം കയ്യേറ്റം, വേട്ടയാടൽ തുടങ്ങിയവ സംബന്ധിച്ച പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നു. ലഭ്യമായ വിവരം അനുസരിച്ച് തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ വനം കയ്യേറ്റം, സംബന്ധിച്ച് 2 പരാതികളും, വേട്ടയാടൽ സംബന്ധിച്ച് ഒരു പരാതിയും മാത്രമാണ് തീർപ്പാക്കാൻ ശേഷിക്കുന്നത്. എറണാകുളം ജില്ലയിലെ മലയാറ്റൂർ ഡിവിഷനിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് രണ്ട് പരാതികൾ നിലവിലുണ്ട്.

(ബി) പ്രസ്തുത പരാതികൾ സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പരാതികൾ ലഭിച്ചാൽ സമയബന്ധിതമായി വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള നടപടികളും മറ്റ് വനം കുറ്റകൃത്യങ്ങൾക്കെതിരെ നിലവിലുള്ള നിയമപ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു; വിശദാംശം നൽകാമോ;

(ഡി) ഓരോ ജില്ലയിലും എത്ര വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചു; എത്ര വനഭൂമി തിരിച്ചു പിടിച്ചു; വിശദാംശം ലഭ്യമാക്കാമോ?

(സി) & (ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 871.671 ഹെക്ടർ വനം കയ്യേറ്റങ്ങൾ ഒഴിപ്പിച്ചു. വിശദാംശം ചുവടെ ചേർക്കുന്നു.

| ജില്ല | എത്ര വനം കയ്യേറ്റക്കാർ | തിരിച്ച് പിടിച്ച വനഭൂമി (ഹെക്ടർ) |
|---|---|---|
| പാലക്കാട് | 24 | 8.083 |
| തൃശ്ശൂർ | 49 | 10.35 |

| | | |
|---|---|---|
| കണ്ണൂർ | 3 | 0.60 |
| ഇടുക്കി | 175 | 339.9793 |
| വയനാട് | 1803 | 506.494 |
| തിരുവനന്തപുരം | 1 | 0.4047 |
| മലപ്പുറം | 8 | 5.76 |
| **ആകെ** | **2063** | **871.671** |

ആറളം വന്യജീവി ഡിവിഷനിൽ 1977-ന് ശേഷം കയ്യേറിയിട്ടുള്ളതും വനഭൂമിയിൽ താമസമില്ലാത്തതും വനത്തിന് പുറത്ത് ഭൂമിയുള്ളവരുമായി 5 വ്യക്തികൾ കയ്യേറിയിട്ടുള്ള 1.5 ഹെക്ടർ സ്ഥലത്തിൽ, 2 ആളുകളുടെ കൈവശമുള്ള 0.6 ഹെക്ടർ സ്ഥലം ഇതിനകം ഒഴിപ്പിച്ചിട്ടുണ്ട്.

പീച്ചി-വാഴാനി വന്യജീവി സങ്കേതത്തിൽ ഒളകര, ട്രൈബൽ സെറ്റിൽമെന്റ് നിവാസികൾ സംയുക്തമായി വനം കയ്യേറുവാൻ ശ്രമിച്ചത് പോലീസ് സേനയുടെ സഹായത്തോടുകൂടി ഒഴിപ്പിക്കുകയും 8 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. സൈലന്റ് വാലി ഡിവിഷന്റെ ബഫർ സോൺ മേഖലയിൽ വനം കയ്യേറ്റവുമായി ബന്ധപ്പെട്ട (0.220 ഹെ) ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും, ടി കയ്യേറ്റ ഭൂമി പൂർണ്ണമായി ഒഴിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അഴുത റെയിഞ്ചിൽ ഒരാളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മുമ്പിനാലെ കയ്യേറിയ വനഭൂമിയുമായി ബന്ധപ്പെട്ട ബഹു. കേരള ഹൈക്കോടതിയിൽ ശ്രീ. ഇ.എ. മാധവൻ WP(C) No.28612/2012 ആയി കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹു. കേരള ഹൈക്കോടതിയുടെ 07-04-2014 ലെ വിധിന്യായത്തിൽ റവന്യൂ ഡിപ്പാർട്ടുമെന്റും, വനം വകുപ്പും ചേർന്ന് സംയുക്ത പരിശോധന നടത്തി നടപടി സ്വീകരിക്കുവാനും വിധി വന്നിട്ടുള്ളതാണ്. ഹൈക്കോടതി വിധിയിന്മേലുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

നോർത്തേൺ സർക്കിൾ കണ്ണൂരിൽ ആകെ ഉണ്ടായ 868.53 ഹെക്ടർ വനഭൂമി

കയ്യേറ്റത്തിൽ 506.694 ഹെക്ടർ ഒഴിപ്പിച്ചിട്ടുണ്ട്. ആകെ രജിസ്റ്റർ ചെയ്ത 92 കേസുകളിൽ 64 എണ്ണം ഒഴികെ ബാക്കി എല്ലാ കേസുകളിലും കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

തിരുവനന്തപുരം വൈൽഡ് ലൈഫ് ഡിവിഷനിൽ ഒരു വനം കയ്യേറ്റം ഒഴിപ്പിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ 22 കേസുകളിലായി 7.8630 ഹെക്ടർ സ്ഥലവും മലപ്പുറം ജില്ലയിൽ 4 കയ്യേറ്റങ്ങളിലായി 5:76 ഹെക്ടർ സ്ഥലവും മലപ്പുറം ജില്ലയിൽ 4 കയ്യേറ്റങ്ങളിലായി 5.76 ഹെക്ടർ സ്ഥലവും ഒഴിപ്പിച്ചിട്ടുണ്ട്.

സെൻട്രൽ സർക്കിൾ തൃശ്ശൂരിൽ ഉൾപ്പെട്ട ചാലക്കുടി ഡിവിഷനിലെ പരിയാരം റെയിഞ്ചിൽ ഇ.എഫ്.എൽ ആയി നോട്ടിഫൈ ചെയ്ത ഒരു ഹെക്ടർ സ്ഥലം കയ്യേറി മരങ്ങൾ മുറിച്ചുമാറ്റി ജെ.സി.ബി ഉപയോഗിച്ച് ഭൂമി നിരപ്പാക്കാൻ ശ്രമിച്ചതും തൃശ്ശൂർ ഡിവിഷനിലെ വടക്കേഞ്ചേരി റെയിഞ്ചിലെ തിരവില്വാമലയിലെ 2.50 ഹക്ടർ, 1.25 ഹെക്ടർ സ്ഥലം കയ്യേറിയതും ഒഴിപ്പിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 25 കേസുകളിലായി 174 'വനം കയ്യേറ്റക്കാരെ ഒഴിപ്പിച്ചു. 339.9783 ഹെക്ടർ വനഭൂമി തിരിച്ചു പിടിച്ചു.

സെക്ഷൻ ഓഫീസർ